LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വളരെ ശക്തിയായി ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ വിവിധ ആഡിറ്റ് വിഭാഗങ്ങൾ പരിശോധിച്ചിട്ടുണ്ട്. അതുകൂടാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ആരോപണങ്ങളും വന്നിട്ടുണ്ട്. ഇവ വരുന്ന മുറയ്ക്ക് അതിന്റെ ഗൗരവം നോക്കി ആവശ്യമായ അന്വേഷണം നടത്താനുള്ള ഉത്തരവാണ് ഗവൺമെന്റ് കൊടുക്കാറുള്ളത്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ എടുക്കാറുമുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിരവധി പഞ്ചായത്തുകളിൽ അത്തരം നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞതിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമായിട്ട് വരികയാണെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അങ്ങനെയുള്ള ചില കാലതാമസങ്ങൾ വരാറുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : 1997-98-ലെ ആഡിറ്റ് റിപ്പോർട്ടിൽ ജനകീയാസൂത്രണപദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന പഞ്ചായത്തുകളിൽ അതിന്റെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ആഡിറ്റ് വിഭാഗം തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില സ്ഥലത്ത് ആവശ്യമായിട്ടുള്ള അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. കുറെ സസ്പെൻഷൻ നടപടികൾ എടുത്തിട്ടുണ്ട്. ഗുരുതരമായിട്ടുള്ള കാര്യങ്ങളാണെന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അന്വേഷണം നടത്തി നടപടി സ്വീകരിക്കും.

(ചോദ്യകർത്താവിന്റെ അഭാവത്തിൽ അടിയന്തിര ചോദ്യം സഭയിൽ ഉന്നയിക്കപ്പെട്ടില്ല.)

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*311) മുൻ ജന്മിമാരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നടപടികൾമൂലം ജീവിതക്ലേശം അനുഭവിക്കേണ്ടതായി വന്നിട്ടുള്ള മുൻ ജന്മികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകാനുള്ള നടപടി എത്രത്തോളമായി എന്ന് വിശദീകരിക്കുമോ;

(ബി) ഈ വിഭാഗക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അതിന് സ്വീകരിക്കുന്ന മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) അവർക്ക് എന്നത്തേക്ക് ആശ്വാസം നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഭൂപരിഷ്കരണംമൂലം നിർദ്ധനരായവരും 70 വയസ്സ് പൂർത്തിയാക്കിയവരും പ്രതിമാസം 6000 രൂപയ്ക്കുമേൽ വരുമാനമില്ലാത്തവരുമായ മുൻ ജന്മിമാർക്ക് പ്രതിമാസം 100 രൂപാവീതം പെൻഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

(ബി) നിലവിലുള്ള പദ്ധതി അപര്യാപ്തമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ അത് കൂടുതൽ ഉദാരവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രായപരിധി 60 വയസ്സാക്കാനും വാർഷിക വരുമാനപരിധി 12000 രൂപയായി വർദ്ധിപ്പിക്കുവാനും പെൻഷൻ തുക 300 രൂപയായി വർദ്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) പുതുക്കിയ നിരക്കിലുള്ള പെൻഷൻ 1999 ജൂൺ ഒന്നാം തീയതി മുതൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

5 (*312) പാർവ്വതി പുത്തനാർ ശുദ്ധീകരിക്കാൻ പദ്ധതി

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പാർവ്വതി പുത്തനാർ ശുദ്ധീകരിക്കുവാൻ തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പാർവതി പുത്തനാർ പൂർണ്ണമായും ശുദ്ധീകരിക്കുവാൻ എന്തുതുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷൻ ഇതിനായി എന്തുതുകയുടെ പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഇ) ഈ തുകകൊണ്ട് പാർവ്വതി പുത്തനാറിന്റെ എത്ര ശതമാനം ശുദ്ധീകരിക്കാൻ കഴിയും;

(എഫ്) ശുദ്ധീകരിക്കുന്ന പാർവ്വതി പുത്തനാർ വീണ്ടും മലിനമാക്കാതെ നോക്കാൻ എന്തെല്ലാം അനന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) പാർവ്വതി പുത്തനാർ മലിനീകരണംമൂലം ടി തോടിന്റെ ഇരുകരകളിലുമുള്ള ആയിരക്കണക്കിനാളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് നഗരസഭ പദ്ധതി തയ്യാറാ

LIBRARY ARCHIVES Kerala Legislative Assembly